ശൈഖ് അഹ്മദ് കുട്ടി/ സദ്റുദ്ദീൻ വാഴക്കാട്

കഴിഞ്ഞലക്കം തുടർച്ച

# ‘സ്ത്രീശബ്ദങ്ങളത്രയും ഫെമിനിസ്റ്റ് അതിവാദങ്ങളല്ല’



**ബുദ്ധിജീവികളും വിവേകശാലികളും മനുഷ്യ സമൂഹത്തിന്റെ വിമോചനത്തിനുള്ള പാലമായി ഇസ്ലാമിനെ കാണുകയാണ്. ഇസ്ലാമിക മൂല്യങ്ങളിൽ അവർ പ്രതീക്ഷയർപ്പിക്കുന്നു. അതാണ് പടിഞ്ഞാറ് ഇസ്ലാമിന് വലിയ സ്വീകാര്യത ലഭിക്കാനുള്ള പ്രധാനപ്പെട്ട ഒരു കാരണം. അവരനുഭവിക്കുന്ന ശൂന്യതയെ ഇസ്ലാം നികത്തുമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്.**

***വരുംകാലത്ത് ഇസ്ലാമിക നവജാഗരണത്തിന് അറബ്-പൗരസ്ത്യ ലോകത്തെ അപേക്ഷിച്ച് യൂറോപ്യൻ മുസ്ലിം ബുദ്ധിജീവികളായിരിക്കും നേതൃത്വം നൽകുകയെന്ന ഒരു നിരീക്ഷണമുണ്ട്, താങ്കൾക്ക് എന്തുതോന്നുന്നു?***

പാകിസ്താൻ പ്രസിഡന്റായിരുന്ന ജനറൽ അയ്യൂബ്ഖാൻ ലോകപ്രശസ്ത ഇസ്ലാമിക ചിന്തകൻ ഇസ്മാഈൽ റാജി ഫാറൂഖിയെയും ഡോ. ഫസ്ലുർറഹ്മാനെയും പാകിസ്താനിലേക്ക് ക്ഷണിച്ചു. ഇസ്ലാമിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായിരുന്നു ക്ഷണം. റാജി ഫാറൂഖി പാകിസ്താനിലെത്തി. പക്ഷേ പാകിസ്താൻ അദ്ദേഹത്തെ നിരാശപ്പെടുത്തി. അവിടത്തെ അനുഭവങ്ങളിൽ മനംമടുത്ത അദ്ദേഹം അമേരിക്കയിലേക്ക് തിരിച്ചുപോയി, വാഷിംഗ്ടണിൽ ‘ഇന്റർനാഷ്നൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇസ്ലാമിക് തോട്ട്’(IIIT) സ്ഥാപിച്ചു. പാകിസ്താനിൽനിന്ന് തിരിച്ചു പോരുമ്പോൾ കടുത്ത നിരാശയോടെ അദ്ദേഹം പറഞ്ഞു: “മുസ്ലിം ലോകത്ത് ഇസ്ലാമിക നവജാഗരണത്തിന് ഇനിയൊരു പ്രതീക്ഷയും ഞാൻ കാണുന്നില്ല. ബുദ്ധിപരമായ, ചിന്താപരമായ ഒരു നവോത്ഥാനവും അവിടെ ഉണ്ടാകുമെന്ന് കരുതാനാവില്ല.” അദ്ദേഹത്തിന്റെ നിരീക്ഷണം ശരിയാണ്.

പുതിയ കാലത്തിന്റെ സ്പന്ദനങ്ങൾ അറിയുന്ന, പുതിയ ലോകത്തെ വെല്ലുവിളികൾ നേരിടാൻ കഴിയുന്ന വിവേകശാലികളായ പണ്ഡിതനേതൃത്വത്തെ മുസ്ലിം ലോകത്ത് കാണാനാകുന്നില്ല. ഡോ. യൂസുഫുൽ ഖറദാവിയെപോലുള്ള ഒറ്റപ്പെട്ട പണ്ഡിതന്മാരുണ്ട് എന്നതൊഴിച്ചാൽ ആരാണ് പരമ്പരാഗത അറബ് മുസ്ലിം ലോകത്തുള്ളത്? യൂറോപ്പിലും അമേരിക്കയിലും അതല്ല അവസ്ഥ. ഉയർന്ന ചിന്താശേഷിയും ബൗദ്ധിക നിലവാരവുമുള്ള, പുതിയ കാലത്തെയും ലോകത്തെയും കുറിച്ച് നല്ല ഉൾക്കാഴ്ചയുള്ള നിരവധി പേർ അവിടെ വളർന്നു വരുന്നുണ്ട്. മിഡിലീസ്റ്റിലെ അക്കാദമിക് തലത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ് പടിഞ്ഞാറിന്റെ അക്കാദമിക നിലവാരം. യൂറോപ്പിന്റെ വിദ്യാഭ്യാസ, പഠന, ഗവേഷണ, പരിശീലന സംവിധാനങ്ങൾ പ്രതിഭാശാലികളെ വളർത്താൻ പര്യാപ്തമാണ്. അതിനോട് തുലനംചെയ്യാൻ പോലും നമ്മുടെ പൗരസ്ത്യ ലോകത്ത് കാര്യമായി ഒന്നുമില്ല. നമ്മുടെ ലൈബ്രറി സിസ്റ്റം ഇതിന്റെ മികച്ച ഉദാഹരണമാണ്. ‘25,000 പുസ്തകങ്ങളുള്ള ലൈബ്രറിയുണ്ട്’ എന്ന് നാം അഭിമാനത്തോടെ പറയുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ച ഇസ്ലാമിക പണ്ഡിതൻ ഇബ്നുഹസം 4,00,000ൽ അധികം പുസ്തകങ്ങളുള്ള ലൈബ്രറിയിലാണ് താൻ വായിക്കുകയും എഴുതുകയും ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

എത്ര നൂറ്റാണ്ടുകൾ മുമ്പാണിത്! ടൊറണ്ടോ യൂനിവേഴ്സിറ്റി ലൈബ്രറിയിൽ 9 മില്യൻ പുസ്തകങ്ങളാണുള്ളത്. പിന്നെ എങ്ങനെ 25,000 പുസ്തകങ്ങളുള്ള ലൈബ്രറിയെക്കുറിച്ച് നമുക്ക് ലോകത്തോട് പറയാൻ കഴിയുന്നു! നാം ലോകത്തിന്റെ എത്ര പിന്നിലാണ് എന്നതിന്റെ ഒരു ഉദാഹരണം മാത്രമാണിത്. ഇതിന് മാറ്റം വരണമെങ്കിൽ അടിസ്ഥാനപരമായ തിരുത്തലുകൾക്ക് നാം സന്നദ്ധരാകണം.

വിദ്യാഭ്യാസ സംവിധാനത്തിൽ സമൂലമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. നമ്മുടെ ഇസ്‌ലാമിയാ കോളേജുകളിലാണ് ഈ മാറ്റം ആരംഭിക്കേണ്ടത്. ഒരുപാട് വിഷയങ്ങളിൽ ഒരുപാട് ഫാക്കൽറ്റികൾ എങ്ങുമെത്താത്ത വിധം നടത്താനല്ല, ഒരു ഫാക്കൽറ്റി വിജയകരമായി നടത്താനാണ് ശ്രമിക്കേണ്ടത്. വിദ്യാഭ്യാസ രംഗത്ത് ബൗദ്ധിക കാഴ്ചപ്പാട് വികസിപ്പിച്ചെങ്കിലേ ഇത് സാധിക്കൂ. നമ്മുടെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളും ദുർബലമായ വിദ്യാഭ്യാസ കാഴ്ചപ്പാടുകളും കാണുമ്പോൾ വല്ലാത്ത ദുഃഖം തോന്നാറുണ്ട്. പിന്നെ എങ്ങനെ പ്രതിഭകൾ വളർന്നുവരും?

***അറബ്-മുസ്‌ലിം ലോകത്ത് ഇനി പ്രതീക്ഷക്ക് വകയില്ലെന്നാണോ?***

അങ്ങനെ പറയാൻ കഴിയില്ല. അല്ലാഹു നാളെ എന്തു ചെയ്യും എന്ന് നമുക്കറിയില്ല. അറബ് സമൂഹമാണ് ചരിത്രത്തിൽ ഇസ്‌ലാമിന്റെ വളർച്ചയിലും വിജയത്തിലും പ്രധാന പങ്കുവഹിച്ചിട്ടുള്ളത്. പക്ഷേ, യൂറോപ്യൻ - നോർത്ത് അമേരിക്കൻ മുസ്‌ലിം ബുദ്ധിജീവികൾ വരും കാലത്ത് ഇസ്‌ലാമിക മുന്നേറ്റത്തിൽ അതിപ്രധാനമായ പങ്ക് വഹിക്കുമെന്ന് ഉറപ്പിച്ചു പറയാൻ കഴിയും. ഇന്ന് ലോകത്തെ നയിക്കുന്ന സമൂഹം തന്നെ ഇസ്‌ലാമിക മുന്നേറ്റത്തിനും നായകരെ സംഭാവന ചെയ്യാനാണ് കൂടുതൽ സാധ്യത.

***പടിഞ്ഞാറുനിന്ന് ഇസ്‌ലാമിലേക്ക് വലിയ ഒഴുക്കാണ് നടക്കുന്നത്. മുറാദ് ഹോഫ്മാൻ, റജാ ഗരോഡി, ഇൻഗ്രിഡ് മറ്റ്സൺ, യിവോൺ റിഡ്‌ലി ... പ്രതിഭാശാലികളുടെ ഒരു നിരതന്നെ കാണാനാകും?***

ശാസ്ത്ര-സാങ്കേതിക വികാസം ഒരുപാട് നേട്ടങ്ങൾ പടിഞ്ഞാറിന് സമ്മാനിച്ചിട്ടുണ്ട്. ഇതിനൊരു മറുവശമുണ്ട്. മനുഷ്യസമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന നിരവധി ഘടകങ്ങൾ ഇതിന്റെ അനന്തര ഫലമായി സൃഷ്ടിക്കപ്പെട്ടു. വ്യവസായവൽക്കരണം, ഭൗതികാസക്തി, കൂട്ടനശീകരണായുധങ്ങൾ, പ്രകൃതി വിരുദ്ധവും മനുഷ്യവിരുദ്ധവുമായ അസന്തുലിത വികസന രീതികൾ, ഉപഭോഗസംസ്കാരം, ഭൗതികവാദം, ആഗോളവൽക്കരണം തുടങ്ങി ശാസ്ത്ര-സാങ്കേതിക വികാസത്തിന്റെ കൂടി അനന്തരഫലമായുണ്ടായ പ്രവണതകൾ മനുഷ്യസമൂഹത്തിന്റെ നിലനിൽപിനെത്തന്നെ അപകടകരമായി ബാധിക്കുന്നു. പരമ്പരാഗത മൂല്യങ്ങളും യൂറോപ്പിന്റെ മതാധ്യാപനങ്ങളുമൊക്കെ ഇത്തരം അപകടങ്ങളെ പ്രതിരോധിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്. സ്വാഭാവികമായും, ബുദ്ധിജീവികളും വിവേകശാലികളും മനുഷ്യ സമൂഹത്തിന്റെ വിമോചനത്തിനുള്ള പാലമായി ഇസ്‌ലാമിനെ കാണുകയാണ്. ഇസ്‌ലാമിക മൂല്യങ്ങളിൽ അവർ പ്രതീക്ഷയർപ്പിക്കുന്നു. അതാണ് പടിഞ്ഞാറ് ഇസ്‌ലാമിന് വലിയ സ്വീകാര്യത ലഭിക്കാനുള്ള പ്രധാനപ്പെട്ട ഒരു കാരണം. അവരനുഭവിക്കുന്ന ശൂന്യതയെ ഇസ്‌ലാം നികത്തുമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്.

ഭൗതികവാദം മനുഷ്യസമൂഹത്തെ കൊണ്ടെത്തിച്ചിരിക്കുന്ന അപകടകരമായ അവസ്ഥയിൽ ഇസ്‌ലാമിന് രക്ഷകന്റെ റോൾ വഹിക്കാൻ കഴിയും എന്ന് പടിഞ്ഞാറ് കരുതുന്നു. മറ്റു മതങ്ങൾക്കില്ലാത്ത, വിശേഷിച്ചും യൂറോപ്പിന്റെ മതത്തിന് ഇല്ലാത്ത മൂല്യങ്ങൾ, കാഴ്ചപ്പാടുകൾ, ആശയപരമായ കരുത്ത് ഇസ്‌ലാമിനുണ്ടെന്ന് അവർ മനസിലാക്കുന്നു.

***പടിഞ്ഞാറൻ മുസ്‌ലിം ബുദ്ധിജീവികളുടെ ചില പുസ്തകങ്ങൾ മുസ്‌ലിം ലോകത്ത് വിവാദങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ആമിനാ വദൂദിന്റെ 'ഖുർആൻ ആന്റ് വുമൺ' ഉദാഹരണം. കേരളീയ പശ്ചാത്തലത്തിൽ പ്രത്യേക അർഥ കൽപനയും തെറ്റിദ്ധാരണാജനകമായ സൂചനയുമുള്ള 'പെൺവായന' എന്ന് പ്രയോഗിച്ചാണ് പ്രസ്തുത കൃതി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്. ഇത്തരം പുസ്തകങ്ങളുടെ പശ്ചാത്തലം?***

മുസ്‌ലിം സമൂഹം പരമ്പരാഗതമായി സ്ത്രീകളെ അടിച്ചമർത്തിവെച്ചിരിക്കുകയാണെന്നത് ഒട്ടും സംശയമില്ലാത്ത വസ്തുതയാണ്. മുസ്‌ലിം സ്ത്രീകൾക്ക് തങ്ങളുടെ ശബ്ദം തന്നെ നഷ്ടപ്പെട്ടു. അവർ പല രംഗത്തും പിന്നാക്കം പോയി. പ്രവാചക കാലഘട്ടത്തിൽ നബി(സ) സ്ത്രീകൾക്ക് സ്ഥാനവും അവസരവും നൽകിയിരുന്നു. ഇസ്‌ലാമിക സമൂഹത്തിന്റെ മുൻനിരയിൽ സ്ത്രീകളുണ്ടായിരുന്നു. ഒന്നാമത് രക്തസാക്ഷ്യം വഹിച്ചത് സുമയ്യ ബീവിയാണ്. ആഇശാ ബീവി ബുദ്ധിശാലിയായ പണ്ഡിതയും നേതാവുമായിരുന്നു.....

മുസ്‌ലിം സമൂഹം പരമ്പരാഗതമായി സ്ത്രീകളെ അടിച്ചമർത്തിവെച്ചിരിക്കുകയാണെന്നത് ഒട്ടും സംശയമില്ലാത്ത വസ്തുതയാണ്. മുസ്‌ലിം സ്ത്രീകൾക്ക് തങ്ങളുടെ ശബ്ദം തന്നെ നഷ്ടപ്പെട്ടു. അവർ പല രംഗത്തും പിന്നാക്കം പോയി. പ്രവാചക കാലഘട്ടത്തിൽ നബി (സ) സ്ത്രീകൾക്ക് സ്ഥാനവും അവസരവും നൽകിയിരുന്നു. ഇസ്‌ലാമിക സമൂഹത്തിന്റെ മുൻനിരയിൽ സ്ത്രീകളുണ്ടായിരുന്നു. ഒന്നാമത് രക്തസാക്ഷ്യം വഹിച്ചത് സുമയ്യ ബീവിയാണ്. ആഇശാ ബീവി ബുദ്ധിശാലിയായ പണ്ഡിതയും നേതാവുമായിരുന്നു.....


■ ആമിനാ വദൂദ്

നൂറുകണക്കിന് സ്വഹാബിമാരാണ് ആഇശാ ബീവിയിൽനിന്ന് ഖുർആൻ വ്യാഖ്യാനവും ഹദീസും പഠിച്ചിട്ടുള്ളത്. പലപ്പോഴും പല സ്വഹാബിമാരുടെയും അബദ്ധധാരണകൾ തിരുത്തിയതും അവരായിരുന്നു. ആഇശാ ബീവിയെ കൂടാതെ സ്വഹാബിമാരുടെയും താബിഉകളുടെയും കാലത്ത് പ്രഗത്ഭമതികളായ, വൈജ്ഞാനിക രംഗത്ത് ഉന്നതനിലവാരം പുലർത്തിയ നിരവധി മഹിളാരത്നങ്ങൾ ഇസ്‌ലാമിക ലോകത്തുണ്ടായിരുന്നു. മുസ്‌ലിം സമൂഹം, ഖലീഫമാരുൾപ്പെടെ അവർക്ക് സ്ഥാനവും ആദരവും നൽകുകയും ചെയ്തിട്ടുണ്ട്. ഹദീസ് പണ്ഡിതന്മാരും നിവേദകന്മാരുമായ 250ലേറെ മുസ്‌ലിം വനിതകളുണ്ട്. പ്രവാചകനുശേഷം അൽപകാലം അത് തുടർന്നു. അക്കാലത്തൊന്നും യുറോപ്പിൽ വൈജ്ഞാനിക ശേഷിയുള്ള ഒരു വനിതാ പ്രതിഭ പോലും

ഇല്ലായിരുന്നു. പ്രവാചകൻ സ്ഥാപിച്ച സമൂഹത്തിന്റെ മഹത്തായ പാരമ്പര്യമതായിരുന്നു. പക്ഷേ, ദീർഘകാലം ഈ പാരമ്പര്യം തുടർന്നില്ല. കാലാന്തരത്തിൽ മുസ്‌ലിം സ്ത്രീകൾ പിന്നാക്കം തള്ളപ്പെട്ടു. അവർ വീടുകൾക്കുള്ളിൽ തളച്ചിടപ്പെട്ടു. സമൂഹത്തിൽ അവൾക്ക് ഒട്ടും സ്ഥാനം നൽകിയില്ല. ഈ ദുരവസ്ഥ ദീർഘകാലമായി മുസ്‌ലിം സമൂഹത്തിൽ തുടർന്നു വരുന്നു. അതിനോടുള്ള പ്രതികരണവും പ്രതിധ്വനിയുമാണ് ആമിനാ വദൂദിനെപ്പോലുള്ളവരുടെ നിലപാടുകളും കൃതികളും. മുസ്‌ലിം സമൂഹത്തിൽ സ്ത്രീകളുടെ കാര്യത്തിൽ പാരമ്പര്യമായി തുടർന്നുവരുന്ന പല സമ്പ്രദായങ്ങളും കർമശാസ്ത്രവീക്ഷണങ്ങളും ഖുർആന്റെ ചൈതന്യത്തോട് പൊരുത്തപ്പെടുന്നതല്ല. അത്തരമൊരു പശ്ചാത്തലത്തിൽ പ്രവാചകചര്യ മുന്നിൽ വെച്ചുകൊണ്ട് പുതിയ സാഹചര്യങ്ങൾകൂടി പരിഗണിച്ച് ഖുർആൻ വായിക്കുകയും ഖുർആനിക ആശയങ്ങൾ അവതരിപ്പിക്കുകയുമാണ് ആമിനാവദൂദും മറ്റും ചെയ്യുന്നത്. സ്ത്രീവിരുദ്ധമായേക്കാവുന്ന അതിവാദങ്ങൾ മുസ്‌ലിം പാരമ്പര്യത്തിൽ ഉള്ളതുകൊണ്ട് അതിന്നെതിരെ മറ്റൊരു അതിവാദത്തിലേക്ക് അവർ പോകാൻ പാടില്ലാത്തതാണ്. യൂറോപ്യൻ സമൂഹത്തിലാകട്ടെ, സ്ത്രീ-പുരുഷ സംഘട്ടനത്തിന്റേതായ ഒരു പ്രവണതയുമുണ്ട്; സ്ത്രീ പുരുഷന്നും പുരുഷൻ സ്ത്രീക്കും എതിരാകുന്ന കാഴ്ചപ്പാട്. ഫെമിനിസം രൂപപ്പെട്ടത് ഇതിൽനിന്നാണ്. അതിന്റെ സ്വാധീനവും ഇത്തരം വായനകളിൽ ഉണ്ടായേക്കാം. എന്നാൽ ഇസ്‌ലാമിക വീക്ഷണത്തിൽ, തൗഹീദീ കാഴ്ചപ്പാടിൽ സ്ത്രീയും പുരുഷനും പങ്കാളിത്ത ജീവിതം നയിക്കേണ്ടവരാണ്, പ്രതിയോഗികളല്ല. പരസ്പര സ്പർധയോടെയല്ല, സഹകരണത്തോടെയാണ് ഇരുവരും മുന്നോട്ടു പോകേണ്ടത്. ഖുർആന്ന് പുരുഷൻ തന്റേതായ വ്യാഖ്യാനവും സ്ത്രീക്ക് അവളുടേതായ വ്യാഖ്യാനവും നടത്തുകയല്ല, ഖുർആന്റെ യഥാർഥ സത്ത മനസിലാക്കുകയാണ് ചെയ്യേണ്ടത്.


■ ഇസ്മാഈൽ റാജി ഫാറൂഖി

***ആമിനാ വദൂദിന്റേതുപോലുള്ള വീക്ഷണങ്ങളെ ഇസ്‌ലാമിക വിരുദ്ധവും ഫെമിനിസവുമായി മുദ്രകുത്തുന്ന, നെഗറ്റീവായി സമീപിക്കുന്ന രീതി എത്രത്തോളം ശരിയാണ്?***

എന്തുകൊണ്ടാണ് ആമിനാവദൂദും സമാനവീക്ഷണക്കാരും ഇത്തരം സ്ത്രീപക്ഷ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നതെന്ന് നാം ചിന്തിക്കണം. അല്ലാതെ അതെല്ലാം തെറ്റാണെന്ന് മുദ്രകുത്തി എതിർക്കുകയല്ല ചെയ്യേണ്ടത്. തീർച്ചയായും പരമ്പരാഗത മുസ്‌ലിം സമൂഹം കാലങ്ങളായി സ്ത്രീയെ അടിച്ചമർത്തിയിട്ടുണ്ട്. ഇസ്‌ലാം അവൾക്ക് നൽകിയ പലതും മുസ്‌ലിംകൾ നിഷേധിച്ചിട്ടുമുണ്ട്. ഇസ്‌ലാം സ്ത്രീക്ക് നൽകിയ സ്ഥാനവും ആദരവും പങ്കാളിത്തവും അവൾക്ക് തിരിച്ചുകൊടുക്കുകയാണ് വേണ്ടത്. സ്ത്രീക്ക് മുസ്‌ലിം സമൂഹത്തിന്റെ നേതൃത്വത്തിൽ അർഹമായ പരിഗണനയും പദവികളും നൽകണം. 'സത്യവിശ്വാസികളും സത്യവിശ്വാസിനികളും - അൽ മുഅ്മിനൂന വൽ മുഅ്മിനാത്ത് - പരസ്പരം സംരക്ഷകരാണ് - ഔലിയാഅ് - അവർ നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്നു' എന്നാണ് ഖുർആൻ പറഞ്ഞിട്ടുള്ളത്. നന്മ കൽപിക്കലും തിന്മ തടയലും സ്ത്രീയുടെയും ബാധ്യതയാണ്. അതുകൊണ്ട് സമൂഹ സംസ്കരണ, നിർമാണ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്കും നേതൃപരമായ പങ്കുവഹിക്കാനുണ്ട്.

ഇതൊന്നും മനസ്സിലാക്കാതെ ചിന്തിക്കുന്ന മുസ്‌ലിം സ്ത്രീകളുടെ വീക്ഷണങ്ങളെ ഒറ്റയടിക്ക് തള്ളിക്കളയാവതല്ല. അവർ പറയുന്നതിലും ശരികളില്ലേ? നാം പോസിറ്റീവായി ചിന്തിക്കണം, പോസിറ്റീവായി ആമിനാ വദൂദിനെപ്പോലുള്ളവരുടെ വായനകളെ സമീപിക്കണം. അവർ പറയുന്ന ശരികൾ അംഗീകരിച്ചുകൊടുക്കണം. തെറ്റുകളുണ്ടെങ്കിൽ തിരുത്തുകയും വേണം. അതിവാദങ്ങളിലേക്ക് പോകാനനുവദിക്കാതെ സന്തുലിത വീക്ഷണത്തിലേക്ക് അവരെ നയിക്കണം. നെഗറ്റീവായ സമീപനങ്ങൾ കൂടുതൽ അതിവാദത്തിലേക്കായിരിക്കും ആളുകളെ തള്ളിവിടുക.

***ഭിന്ന ചിന്താധാരകളെ, വ്യത്യസ്ത വീക്ഷണങ്ങളെ സഹിഷ്ണുതയോടെ കാണാനും മറ്റുള്ളവരിലെ ശരികളെ ഉൾക്കൊള്ളാനും വിയോജിപ്പുകളുള്ളപ്പോൾ തന്നെ പരസ്പര ആദരവും ബഹുമാനവും നിലനിർത്താനും ഇന്ന് മുസ്‌ലിം സമൂഹത്തിന് എത്രത്തോളം കഴിയുന്നുണ്ട്? ഇസ്‌ലാമിക ചരിത്രം ഈ വിഷയത്തിൽ നമുക്ക് നൽകുന്ന പാഠം എന്താണ്?***

മഹാനായ പണ്ഡിതൻ ഇബ്നുതൈമിയ പറഞ്ഞിട്ടുണ്ട്: "ഞങ്ങളുടെ വീക്ഷണങ്ങൾ മാത്രമാണ് ശരി, ഞങ്ങൾക്കൊരിക്കലും തെറ്റുപറ്റില്ല, മറ്റുള്ളവരുടെ ചിന്തകളും കാഴ്ചപ്പാടുകളും തെറ്റാണ്, അവരുടെ ഭാഗത്ത് ഒരിക്കലും ശരിയുണ്ടാകില്ല എന്ന സമീപനം മുസ്‌ലിംകൾ സ്വീകരിക്കാൻ പാടില്ല."

വളരെ ഗൗരവത്തോടെ നാം ഉൾക്കൊള്ളേണ്ടതാണ് ഇബ്നു തൈമിയയുടെ വാക്കുകൾ. സ്വഹാബിമാർക്കിടയിൽ പല വിഷയങ്ങളിലും ഭിന്നവീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. താബിഉകളുടെ കാലത്തു മദ്ഹബുകൾ രൂപപ്പെട്ടപ്പോഴും അതിനു ശേഷവുമൊക്കെ ഈ ഭിന്നതകൾക്ക് പുതിയ തലങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, ഭിന്നവീക്ഷണക്കാർക്കിടയിൽ ഉണ്ടായിരുന്ന സഹിഷ്ണുതയും പരസ്പരാദരവുകളും നാം മനസിലാക്കണം. മദ്ഹബുകളുടെ ഇമാമുകൾ തമ്മിലുണ്ടായിരുന്ന ആദരവ് സുവിദിതമാണ്. പക്ഷേ, അവരുടെ അനുയായികൾക്കു പിന്നീടത് വേണ്ടരൂപത്തിൽ തുടരാനായിട്ടില്ല.


യഥാർഥത്തിൽ ഖുർആനും ഹദീസും മനസിലാക്കുന്നേടത്തും വ്യാഖ്യാനിക്കുന്നേടത്തുമുള്ള വീക്ഷണ വൈജാത്യങ്ങളാണ് ഭിന്ന വീക്ഷണങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കണം.

***മുസ്‌ലിം സമൂഹം തങ്ങൾക്കകത്തുള്ള വിവിധ ചിന്താധാരകളെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ബഹുസ്വരത ഇനിയും രൂപപ്പെടുത്തേണ്ടതില്ലേ?***

ഇസ്‌ലാമിൽ മൂന്ന് ധാരകളുണ്ട്. ഒന്ന്, തിയോളജി അഥവാ ഇൽമുൽകലാം- ദൈവശാസ്ത്രം. രണ്ട്, ശരീഅത്ത് അഥവാ നിയമവ്യവസ്ഥ. ഫിഖ്ഹ് ഇതിന്റെ ഭാഗമാണ്. മൂന്ന്, തസവ്വുഫ് അഥവാ ആത്മീയധാര. ഇവയുടെ സമന്വയമാണ് ഇസ്‌ലാം. തസവ്വുഫ് ഇസ്‌ലാമിന്റെ പ്രധാന തത്ത്വവും അടിസ്ഥാന പ്രകൃതവുമാണ്. ആദിമഘട്ടംമുതൽ തസവ്വുഫ് ഇസ്‌ലാമിന്റെ കരുത്താണ്. ഇസ്‌ലാമിന്റെ ആത്മീയതയാണത്. പേരിനെക്കുറിച്ച് നാം ചിന്തിക്കേണ്ടതില്ല. 'സൂഫിസം' എന്ന ബാന

റിൽ ചരിത്രത്തിൽ പലപ്പോഴും പല സൂഫികളും കൾട്ടുകളായി മാറിയിട്ടുണ്ട്, വഴിതെറ്റിപ്പോയിട്ടുണ്ട്. ഞാൻ തസവ്വുഫ് എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത് അത്തരമൊരു സൂഫിസമല്ല. ഇസ്‌ലാമിന്റെ ആത്മീയ സാരാംശം (spiritual essence) ആണ് തസവ്വുഫ്. ഇസ്‌ലാമിന് തസവ്വുഫില്ലാതെ ജീവിക്കാനാവില്ല.

അല്ലാഹുവിനെ ഓർക്കാനും അവനിലേക്ക് അടുക്കാനും ആത്മീയ ഔന്നത്യം നേടാനുമുള്ള വഴിയാണ് തസവ്വുഫ്. ഇമാം അബൂഹാമിദുൽ ഗസ്സാലിയുടെ *ഇഹ്‌യാ ഉലൂമിദ്ദീനി*ലും ജലാലുദ്ദീൻ റൂമിയുടെ *മസ്നവി*യിലും മറ്റും നാം കാണുന്നത് ഈ അത്മീയതയാണ്. നമ്മുടെ പുതിയ തലമുറക്ക് തീർച്ചയായും ഈ ആത്മീയത ആവശ്യമാണ്. നിയമത്തിന്റെ വഴികൾ മാത്രമാണ് പലപ്പോഴും പലരും ശ്രദ്ധിക്കുന്നത്. ഉദാഹരണമായി, നമസ്കാരം. നമസ്കാരത്തിന്റെ ഫിഖ്ഹ് പഠിക്കുകയും അത് പാലിക്കുകയും ചെയ്യുന്നു. എന്നാൽ ആ ഫിഖ്ഹിനോട് ആത്മീയത-തസവ്വുഫ് ചേർന്നുവരേണ്ടതുണ്ട്. അപ്പോഴേ നമസ്കാരം ജീവനുള്ളതാകൂ. അല്ലാഹുവിന്റെ സാന്നിധ്യം, അല്ലാഹുവുമായുള്ള സംഭാഷണത്തിന്റെ അനുഭൂതി നമസ്കാരത്തിൽ ലഭിക്കാൻ, ആത്മീയ നിർവൃതിയുണ്ടാകാൻ ഫിഖ്ഹിനോടൊപ്പം തസവ്വുഫും കൂടിച്ചേരണം. ചുരുക്കത്തിൽ, തസവ്വുഫിനെയും മറ്റു ചിന്താധാരകളെയും ഉൾക്കൊള്ളാൻ മുസ്‌ലിം സമൂഹത്തിന് കഴിയണം.



■ ഇഹ്‌യാ ഉലൂമിദ്ദീൻ

**ഒരുപാട് വിഷയങ്ങളിൽ ഒരുപാട് ഫാക്കൽറ്റികൾ എങ്ങുമെത്താത്ത വിധം നടത്താനല്ല, ഒരു ഫാക്കൽറ്റി വിജയകരമായി നടത്താനാണ് ശ്രമിക്കേണ്ടത്. വിദ്യാഭ്യാസ രംഗത്ത് ബൗദ്ധിക കാഴ്ചപ്പാട് വികസിപ്പിച്ചെങ്കിലേ ഇത് സാധിക്കൂ. നമ്മുടെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളും ദുർബലമായ വിദ്യാഭ്യാസ കാഴ്ചപ്പാടുകളും കാണുമ്പോൾ വല്ലാത്ത ദുഃഖം തോന്നാറുണ്ട്.**

***സൂഫിസം ഒരുഘട്ടത്തിൽ വഴിതെറ്റിപ്പോയിട്ടില്ലേ?***

തീർച്ചയായും. സൂഫിസത്തിൽ ചിലർ അതിവാദങ്ങളുമായി വഴിതെറ്റിപ്പോയിട്ടുണ്ട്. അതുപോലെ ഫിഖ്ഹിലും അപഭ്രംശങ്ങൾ സംഭവിച്ചിട്ടുണ്ട്. എല്ലാ ഫിഖ്ഹും ശരിയല്ല, ഫുഖഹാക്കൾ ഒരു തെറ്റും പറ്റാത്തവരല്ല. ഇജ്തിഹാദിൽ തെറ്റുപിണഞ്ഞ ധാരാളം ആളുകളില്ലേ? അതുപോലെയാണ് സൂഫിസവും. തെറ്റുകൾ നാം പരിഗണിക്കേണ്ടതില്ല, ശരികൾ സ്വീകരിക്കുക. ആരെയും ഇസ്‌ലാമിന് പുറത്ത് നിർത്തരുത്.

തസവ്വുഫിന്റെ യഥാർഥവശം ജീവിതത്തിൽ പ്രയോഗവൽക്കരിച്ച് സമൂഹത്തെ കാണിക്കുക. അപ്പോൾ ശരിയായ തസവ്വുഫ് എന്താണെന്ന് ജനങ്ങൾ മനസിലാക്കും. സ്വാഭാവികമായും തെറ്റായ സൂഫിസത്തെയും കൾട്ടുകളായി വളരുന്ന ത്വരീഖത്തുകളെയും ജനങ്ങൾ കൈയൊഴിക്കും. ശരിയായതിനെ ഉൾക്കൊള്ളാതെ വഴിതെറ്റിയവയെ വിമർശിക്കുന്നതിന് അർഥമില്ല.

തസവ്വുഫിന്റെ മികച്ച ഗ്രന്ഥങ്ങൾ നമ്മുടെ കോളേജുകളിൽ പാഠപുസ്തകങ്ങളാക്കണം. ഫിഖ്ഹ് പുസ്തകങ്ങൾ പഠിക്കുന്നപോലെ തസവ്വുഫിന്റെ കൃതികളും പഠിക്കണം. ഇമാം ഗസ്സാലിയുടെ *ഇഹ്‌യാഉലൂമിദ്ദീൻ*, ഖുശൈരിയുടെ *രിസാല* തുടങ്ങിയ കൃതികൾ കരിക്കുലത്തിന്റെ ഭാഗമാകണം. ഒരുകാലത്ത് അവയൊക്കെ പാഠ്യപദ്ധതിയിലുണ്ടായിരുന്നു. അവ തിരിച്ചുകൊണ്ടുവരണം. ഇടുങ്ങിയ സലഫി വീക്ഷണമല്ല, ആദ്യകാല സലഫികളുടെ വിശാല വീക്ഷണമാണ് നാം ഉൾക്കൊള്ളേണ്ടത്.

***ശീഈകളെക്കുറിച്ചും വ്യത്യസ്തമായ വാദങ്ങൾ ചില സലഫികൾക്കുണ്ടല്ലോ?***

ശീഈകൾക്ക് തെറ്റായ ചില വിശ്വാസങ്ങളും ആചാരങ്ങളുമുണ്ടെന്നത് ശരിയാണ്. മുസ്‌ലിംകളിൽതന്നെ ശീഈകളല്ലാത്തവർക്കും തെറ്റായ വാദങ്ങളുണ്ടാകാം. പക്ഷേ ശിയാക്കൾ മുസ്‌ലിം സമൂഹത്തിന്റെ ഭാഗമാണ്. അവരിലുള്ള തെറ്റുകളെ തള്ളിക്കളഞ്ഞുകൊണ്ടുതന്നെ അവരെ നമുക്ക് അംഗീകരിക്കാൻ കഴിയണം. അവരെ ഇസ്‌ലാമിന് പുറത്ത് നിർത്താനാകില്ല. ഇസ്‌ലാമിലെ ഒരു ധാരയാണ് ശീഇസം.

നോക്കൂ, പ്രവാചക കുടുംബത്തോടുള്ള സ്നേഹവും ആദരവുമാണ് ശീഈകളുടെ ഒരു പ്രധാന സവിശേഷത. പ്രവാചകന്റെ പൗത്രൻ ഹുസൈൻ(റ)നോടും കുടുംബത്തോടും ഉമവികൾ എന്താണ് ചെയ്തത് എന്ന് നമുക്കറിയാം. ഹുസൈൻ(റ)നെ അവർ വധിച്ചു കളഞ്ഞു, കൂടെ നിരവധി പേരെയും. പ്രവാചകന്റെ പൗത്രനെ വധിച്ചുകളഞ്ഞവരെക്കുറിച്ച് എന്താണഭിപ്രായം? ഇതിന്റെ ഫലമായാണ് ശീഅത്തുഅലി ശക്തിപ്പെട്ടത്. അവർ പ്രവാചക കുടുംബത്തിനു വേണ്ടിയാണ് വാദിച്ചത്. പിൽക്കാലത്ത് ചില മാർഗഭ്രംശങ്ങൾ അവരിൽ ഉണ്ടായിട്ടുണ്ട്. അതിൽ എല്ലാം ശിയാക്കളും തുല്യരുമല്ല. ശീഈകൾ മുസ്‌ലിംകളല്ലെന്ന് പ്രമുഖരായ സലഫി പണ്ഡിതന്മാരൊന്നും പറഞ്ഞതായി ഞാൻ കണ്ടിട്ടില്ല. മഹാനായ സലഫി പണ്ഡിതൻ ഇബ്നു തൈമിയ ശീഈകളെ മുസ്‌ലിംകളുടെ ഗണത്തിൽനിന്ന് പുറത്തുനിർത്തിയിട്ടില്ലല്ലോ. മക്കയിൽ മസ്ജിദുൽ ഹറമിൽ നൂറ്റാണ്ടുകളായി ശീഈകൾ ഹജ്ജ് കർമത്തിൽ പങ്കെടുക്കുന്നു. ലോക മുസ്‌ലിംകളുടെ സംഗമവേദിയാണത്. ഇതിൽ ശീഈകൾ പങ്കെടുക്കുന്നത് കാലങ്ങളായി തുടർന്നുവരുന്നതും മുസ്‌ലിം ലോകം അംഗീകരിച്ചിട്ടുള്ളതുമാണ്. സുഊദി അറേബ്യ സലഫികൾക്ക് സ്വാധീനമുള്ള നാടല്ലേ, സലഫി പണ്ഡിതന്മാർ അവിടെ ധാരാളമില്ലേ. അവർ ശീഈകളെ ഹജ്ജിൽ പങ്കെടുപ്പിക്കുന്നതിനെതിരെ ഫത്‌വയിറക്കുന്നില്ലല്ലോ!

നിങ്ങൾ ഇബ്നുതൈമിയയെ നോക്കൂ. പ്രഗത്ഭനായ പണ്ഡിതനാണ് അദ്ദേഹം. ഒരു കാലഘട്ടത്തിലെ മുജ്തഹിദ്, മൗലികതയുള്ള ചിന്തകൻ, ദൈവശാസ്ത്രകാരൻ, നിയമശാസ്ത്ര വിശാരദൻ, സൂഫി, ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ വക്താവ്..... ഇതെല്ലാമായിരുന്നു ഇബ്നുതൈമിയ. ഫിലോസഫിയിൽ തന്റേതായ വഴി അദ്ദേഹം വെട്ടിത്തുറന്നു. അദ്ദേഹത്തെപ്പോലുള്ളവരെയൊക്കെ നാം ആഴത്തിൽ മനസിലാക്കണം. ഇമാം ഗസ്സാലി, ഇബ്നുഖൽദൂൻ, ഇബ്നു തൈമിയ.... മുസ്‌ലിം ലോകത്തെ ചിന്താപരമായി നയിച്ച മഹാന്മാരായ പണ്ഡിതരുടെ വഴി നാം പിന്തുടരണം. ■

(അവസാനിച്ചു)

sadarvzkd@yahoo.co.in